**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1834** **20-06-2024 - ൽ മറുപടിയ്ക്ക്**

**സഹജീവനം സഹായ കേന്ദ്രങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന ബാരിയർ ഫ്രീ കേരള പദ്ധതി 2015-16 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കുമായി 50 കോടിയിലധികം രൂപ അനുവദിച്ചിട്ടുള്ളതും നിർമ്മാണ നവീകരണപ്രവർത്തനങ്ങൾ നടന്നുവരുന്നതും ഇപ്പോഴും തുടർപദ്ധതിയായി നടപ്പിലാക്കി വരുന്നതുമാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടായിരത്തിലധികം പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി മാറ്റിയിട്ടുണ്ട്.<br><br>പുതുതായി നിർമ്മിക്കുന്ന പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമായി നിർമ്മിക്കുന്നതിനാവശ്യമായ തരത്തിലുള്ള വ്യവസ്ഥകൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഭിന്നശേഷി അവകാശനിയമം അനുശാസിക്കുന്ന സമയകാലയളവ് പൂർത്തിയായതിനാലും, വകുപ്പിന്റെ മാത്രം ഫണ്ട് വിനിയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ മുഴുവൻ സംവിധാനങ്ങളും ഭിന്നശേഷി സൗഹൃദമാക്കി മാറ്റാൻ സാധിക്കാത്തതിനാലും, ഇതിലേക്കുള്ള നടപടി എല്ലാ സർക്കാർ വകുപ്പുകളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും, സ്വകാര്യ പൊതുമേഖല സംവിധാനങ്ങളും സ്വീകരിക്കേണ്ടതിനാലും, സംസ്ഥാനത്തെ മുഴുവൻ പൊതുസംവിധാനങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് വകുപ്പുകൾ നടപ്പിലാക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | സാമൂഹ്യനീതി വകുപ്പിന്റെ പ്രവേശനക്ഷമതാ പ്രവർത്തങ്ങൾക്ക് സാങ്കേതിക പിന്തുണയും, ഗൈഡൻസും നൽകുന്നതിനായും, പ്രവേശന ക്ഷമതാ മാനദണ്ഡങ്ങൾ സംബന്ധിച്ച പരിശീലനങ്ങൾ നൽകുന്നതിനുമായി തിരുവനന്തപുരം CET ആസ്ഥാനമായി ബാരിയർ ഫ്രീ കൺസൽട്ടൻസി സെൽ രൂപീകരിച്ചിട്ടുള്ളതും, 2020-21 വർഷം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും,, ബാരിയർഫ്രീ കൺസൽട്ടൻസി സെൽ & ട്രെയിനിംഗ് പദ്ധതി എന്ന പേരിൽ തുടർ പദ്ധതിയായി നടപ്പിലാക്കി വരുന്നതുമാണ്. കേന്ദ്ര സർക്കാർ പദ്ധതിയായ ആക്സസബിൾ ഇന്ത്യ ക്യാംപെയ്ൻ പദ്ധതിയിൽ ഉൾപ്പെടുത്തി തലസ്ഥാന ജില്ലയിലെ 13 പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്. |
| (ബി) | ഭിന്നശേഷിക്കാർക്കായി ആരംഭിച്ച സഹജീവനം സഹായ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കോവിഡ് മഹാമാരിയുടെ കാലത്ത് വീട്ടുകളിൽ ഒതുങ്ങിപ്പോയ ഭിന്നശേഷിക്കാർക്കും അവരുടെ കുടുംബത്തിനും മാനസിക പിന്തുണ ഉറപ്പു വരുത്തുന്നതിനായാണ് സഹജീവനം ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ നടപ്പിലാക്കിയത്. സ്പെഷ്യൽ സ്കൂൾ, ബഡ്സ് സ്കൂൾ, എസ്.എസ്.കെ. എന്നിവരുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്. പദ്ധതി നടന്നിരുന്ന കാലയളവിൽ ഓൺലൈനായി നിരന്തരം പദ്ധതി വിലയിരുത്തിയിരുന്നു. |
| (സി) | ഭിന്നശേഷിക്കാർക്ക് മാനസിക പിന്തുണ ഉറപ്പാക്കുന്നതിനായി സഹജീവനം സഹായ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | രക്ഷിതാക്കൾക്കും ഭിന്നശേഷിക്കാർക്കും ഫോൺ വഴി കൗൺസിലിംഗ്, കുട്ടികൾക്ക് വീട്ടുകളിൽ നൽകേണ്ടുന്ന പരിശീലന പരിപാടികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകൽ, മരുന്ന്, ഡയപ്പറുകൾ മുതലായവ എത്തിച്ചു നൽകൽ, ഓൺലൈൻ ക്ലാസ്സുകൾ നൽകൽ, കോവിഡ് പ്രതിരോധ കുത്തിവയ്പുകൾ നൽകുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കൽ മുതലായ സേവനങ്ങൾ ഇതിന്റെ ഭാഗമായി നൽകിയിരുന്നു. |
| (ഡി) | ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിച്ച് അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | ഭിന്നശേഷിക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഭിന്നശേഷി അവകാശ നിയമം 2016 പ്രകാരം അനുവദിച്ചിട്ടുള്ള 4% തൊഴിൽ സംവരണം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. അതനുസരിച്ച് സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങളിലും ഭിന്നശേഷിക്കാർക്ക് 4% സംവരണം അനുവദിക്കുന്നതിനു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി സാമൂഹ്യനീതി വകുപ്പ് 1263 തസ്തികകൾ വിവിധ സർക്കാർ വകുപ്പുകളിലായി കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഭിന്നശേഷിക്കാർക്ക് സ്ഥാനക്കയറ്റത്തിന് സംവരണവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br><br>ഭിന്നശേഷിക്കാരുടെ ജീവിതനിലവാരം ഉയർത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സാമൂഹ്യനീതി ഡയറക്ടറേറ്റും മറ്റ് സ്ഥാപനങ്ങളും മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | മാനദണ്ഡം |
|---|---|---|
| 1. | വിദ്യാകിരണം | 40%മോ അതിന് മുകളിലോ ഭിന്നശേഷിക്കാരായ രക്ഷകർത്താക്കളുടെ (മാതാവ്/പിതാവ്/രണ്ടു പേരും) മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി. ഒന്നാം ക്ലാസ് മുതൽ Degree, PG, Poly Technic, വരെയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ് |
| 2. | വിദ്യാജ്യോതി | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒൻപതാം ക്ലാസ്സ് മുതൽ PG തലം വരെയുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ,, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം |
| 3. | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 40% യോഗ്യതാ മാർക്കുള്ള ഒന്നാം ക്ലാസ് മുതൽ Professional, PG courses വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. |
| 4. | വിദൂര വിദ്യാഭ്യാസ ധനസഹായം | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഓപ്പൺ സ്കൂൾ/കോളേജ്, വിദൂര വിദ്യാഭ്യാസം മുഖേന ഡിഗ്രി തലത്തിലും പി.ജി തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷം വരെ ധനസഹായം നൽകുന്ന പദ്ധതി |
| 5. | വിജയാമൃതം | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളിൽ ബിരുദം/തത്തുല്യ കോഴ്സുകൾ, ബിരുദാനന്തര ബിരുദം / PG ക്ക് തുല്യമായ പ്രൊഫഷണൽ കോഴ്സ് വിഭാഗങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് ധനസഹായം നൽകുന്ന പദ്ധതി |
| 6. | പരിണയം I | സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി |
| 7. | പരിണയം II | സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി |
| 8. | കാഴ്ച പരിമിതി നേരിടുന്ന അഡ്വക്കേറ്റുമാർക്കുള്ള പദ്ധതി | സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന കാഴ്ചാ പരിമിതിയുള്ള അഡ്വക്കേറ്റുമാർക്ക് എക്സ്ഗ്രേഷ്യാ അലവൻസും വായനാ സഹായി അലവൻസും അനുവദിക്കുന്ന പദ്ധതി |
| 9.. | സഹായ ഉപകരണ വിതരണ പദ്ധതി | ഭിന്നശേഷിത്വം മറികടക്കാനും ജീവിതം ആയാസരഹിതമാക്കാനും ഉതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുന്നതിലൂടെ അവരുടെ പുനരധിവാസവും ഉറപ്പ് വരുത്തുന്ന പദ്ധതി. |
| 10. | വികാലംഗ ദുരിതാശ്വാസ നിധി | ഭിന്നശേഷിക്കാർക്ക് ചികിത്സയ്ക്കായി ധനസഹായം നൽകുന്ന പദ്ധതി. ബന്ധപ്പെട്ട ഡോക്ടർ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നു. |
| 11. | മാതൃജ്യോതി പദ്ധതി | ഭിന്നശേഷി അവകാശ നിയമം, 2016 പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ധനസഹായ പദ്ധതി. ഒരാൾക്ക് പരമാവധി 2 തവണ മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ |

| | | |
|---|---|---|
| 12. | സ്വാശ്രയ പദ്ധതി | ഭർത്താവ് ഉപേക്ഷിച്ചതോ/ മരണപ്പെട്ടതോ ആയതും തീവ്ര ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കേണ്ടി വരുന്നതുമായ മാതാവിന്/രക്ഷിതാവിന് (സ്ത്രീകൾ) /സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നു. |
| 13. | പരിരക്ഷാ പദ്ധതി | അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് ആയത് അതിജീവിക്കുന്നതിനും സമൂഹത്തിൽ അവർ ഒറ്റയ്ക്കല്ല എന്ന വിശ്വാസം ഉണ്ടാക്കിയെടുക്കുന്നതിനും സർക്കാരിന്റെ/ വകുപ്പിന്റെ മറ്റ് പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തതും വളരെ പരിതാപകരമായ അവസ്ഥയിലുള്ള ഭിന്നശേഷിക്കാർക്കും ഒന്നിൽ കൂടുതൽ ഭിന്നശേഷിക്കാരായ വ്യക്തികൾ ഉള്ള, കുടുംബങ്ങൾക്കും ധനസഹായം അനുവദിക്കുന്ന പദ്ധതി |
| 14. | ശ്രേഷ്ഠം പദ്ധതി | കലാ-കായിക രംഗത്ത് മികവ് പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതി. കലാ-കായിക മേഖലകളിൽ സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നവരോ, സംസ്ഥാന/ദേശീയതല മത്സരങ്ങളിൽ ശ്രദ്ധിക്കപ്പെട്ടവരോ ആയ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാവുന്നതാണ്. |
| 15. | ഇംപ്രസ്റ്റ് മണി | പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥരുടേയും അശരണരുടേയും പുനരധിവാസം ഉറപ്പാക്കൽ, ഇവർക്ക് അടിയന്തര സഹായം ഉൾപ്പെടെ നല്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതി |
| 16 | സഹചാരി | ഗവൺമെന്റ്, എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠന കാര്യത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനത്തിന് പുറത്തും ഭിന്നശേഷിക്കാർക്കായി നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിലും മറ്റ് പരിപാടികളിലും സഹായിക്കുന്നതുമായ NSS / NCC / SPC യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി |
| 17 | സ്നേഹയാനം | നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെട്ട ഭിന്നശേഷിക്കാരുടെ നിർധനരരും മറ്റ് വരുമാന മാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്തവരും ഭർത്താവ് ഉപേക്ഷിച്ചതോ/മരിച്ചതോ ആയ അമ്മമാർക്ക് ഇലക്ട്രിക് ഓട്ടോ നല്കുന്ന പദ്ധതി |
| 18 | സൈക്കോ സോഷ്യൽ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കൽ | കേരള സൈക്കോ-സോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് നൽകി വരുന്നു. |
| 19 | അതിജീവനം | സർക്കാരിതര ഏജൻസികളുടെ സഹകരണത്തോടെ ഭിന്നശേഷിക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി. |